TB Movie Panel Weekly Review

**#MoviePanel**

# അനുഗ്രഹീതൻ ആന്റണി

Written By: Sreelesh S Kumar

നിനച്ചിരിക്കാതൊരു നേരത്ത് പ്രിയപ്പെട്ടവരിലൊരാൾ ഇല്ലാതെയായ അനുഭവമുള്ളവർക്കറിയാമായിരിക്കണം,
വിട്ടകന്നാലും കുറെയേറെ നാളുകൾ അവർ നമ്മളോടൊപ്പമുണ്ടാകും, സംസാരിച്ചും ,വഴക്കിട്ടും പരിഭവം പറഞ്ഞുമൊക്കെ.
അവരാഗ്രഹിച്ചിരുന്നതും, ചെയ്തു കൊടുക്കാനാകാതെ പോയതുമായ തീരെ ചെറിയ കാര്യങ്ങൾ പോലും വലിയ കുറ്റബോധമായി പിന്നീടെന്നും കൂടെക്കാണും. അതേ അവസ്ഥയിലൂടെയാണ് അവരും കടന്നു പോകുന്നതെങ്കിലോ ??

അതെ, അങ്ങോട്ടോ ഇങ്ങോട്ടോ ഒരിഞ്ച് മാറിപ്പോയാൽ അടപടലം പാളിപ്പോകുന്ന ഒരു ചിന്തയാണ് അനുഗ്രഹീതൻ ആൻ്റണിയുടേത് !

സിനിമ കണ്ട് തുടങ്ങി ഏതാണ്ട് അഞ്ച് മിനിറ്റിന് ശേഷം അത് നിർത്തിവെച്ച് അഞ്ചു മിനിറ്റോളമെടുത്ത് ആലോചിച്ചത് സംവിധായകൻ പ്രിൻസ് ജോയിയുടെ ധൈര്യത്തെപ്പറ്റിയായിരുന്നു. പടം ഒന്ന റിലീസായത് കാരണം അങ്ങനെ പല സൗകര്യങ്ങളുമുണ്ടല്ലോ ?

റിയലിസ്റ്റിക് സിനിമകൾ കൊടികുത്തി കളം വാഴുന്ന കാലത്ത്, പല കാലങ്ങളിലായി ഡസൻ കണക്കിന് സംവിധായകർ പറഞ്ഞ് ഫലിപ്പിക്കാൻ ശ്രമിച്ചു പാളിപ്പോയ രീതിയിലൊരു സിനിമാ ചിന്തയുമായി ധൈര്യപൂർവ്വം പടം പിടിക്കാനിറങ്ങിയ പ്രിൻസ് ജോയിയുടെ ഏറ്റവും വലിയ മൂലധനം സ്വന്തം കഴിവിലുള്ള ആത്മവിശ്വാസമാണെന്ന് വേണം കരുതാൻ !

ആരും പോകാനാഗ്രഹിക്കാത്ത ഒരിടത്ത് നിന്നാണ് ' അനുഗ്രഹീതൻ ആൻ്റണി 'കഥ പറഞ്ഞു തുടങ്ങുന്നത്. വാഹനാപകടത്തിൽ മരണപ്പെടുന്ന ഒരു യുവാവിൻ്റെ മരണവീട്ടിൽ നിന്ന്.

ചെറിയ ചുറ്റുവട്ടത്ത് കഥ പറയുമ്പോഴും താരതമ്യേന ഏറെ കഥാപാത്രങ്ങൾ സ്ക്രീനിലെത്തുന്ന ചിത്രമാണ് ആൻ്റണി.
അതിനെ ഭംഗിയായി ചെയ്ത് ഫലിപ്പിക്കാൻ കെല്പ്പുള്ള ഒരു താരനിര ചിത്രത്തിലുണ്ട് താനും. ഇപ്പറഞ്ഞ കഥാപാത്രങ്ങളൊക്കെ നമുക്ക് വളരെ വേണ്ടപ്പെട്ടവരാണല്ലോയെന്ന തോന്നൽ ഇടവേളയോടടുക്കുമ്പോഴേക്കും കണ്ടിരിക്കുന്നവൻ്റെയുള്ളിൽ ജനിപ്പിക്കുക എന്നത് ചിത്രത്തിൻ്റെ വിജയത്തിന് ഏറ്റവും അത്യാവശ്യമുള്ള ഒരു ഘടകമായിരുന്നു.

ആ ശ്രമം ബോധപൂർവ്വം എഴുത്തിൽ കയറിക്കൂടിയതിനാലാകണം, വൈകാരികത സൃഷ്ടിക്കാൻ ശ്രമിച്ച പല രംഗങ്ങളിലും അതിവൈകാരികത അനുഭവപ്പെട്ടു. ചിലപ്പോഴൊക്കെ പടത്തിൻ്റെ ഒഴുക്കിനതൊരു കല്ലുകടിയുമായി. പ്രശാന്ത് അലക്സാണ്ടർ, മാലാ പാർവ്വതി, ജാഫർ ഇടുക്കി, ബൈജു, മുത്തുമണി എന്നിവരുടെ സ്ക്രീൻ സാനിധ്യം അവർക്കു ഭാവിയിലേക്കും, സിനിമയ്ക്ക് പൊതുവിലും ഗുണമുണ്ടാക്കുന്നതായി. സിദ്ദിഖും, സുരാജ് വെഞ്ഞാറമ്മൂടും അവരുടെ തന്നെ മുൻ സിനിമകളിലെ കഥാപാത്രങ്ങളുടെ തുടർച്ച പോലെ അനുഭവപ്പെട്ടു. ആവർത്തന വിരസത ഒഴിവാക്കാൻ ഇത്തരം കഥാപാത്രങ്ങളിൽ നിന്നിരുവരും ചെറിയൊരിടവേള എടുത്തിരുന്നെങ്കിലെന്ന് രണ്ടു നടൻമാരുടേയും അഭ്യുദയകാംക്ഷിയെന്ന നിലയ്ക്ക് ആത്മാർത്ഥമായി ആഗ്രഹിച്ചു പോകുന്നു.

ആൻ്റണിയാകുന്നത് സണ്ണി വെയ്ലാണ്. ഗൗരി യാണ് ആൻ്റണിയുടെ നായിക ലക്ഷ്മിയായി സ്ക്രീനിലെത്തുന്നത്.

സ്ക്രീനിലെത്തുന്നതിന് ഒരു കൊല്ലം മുന്നേ തന്നെ ഹിറ്റായ പാട്ടുകൾ അനുഗ്രഹീതൻ ആൻ്റണിയ്ക്ക് ഒരേ സമയം ഗുണവും ദോഷവുമായി മാറുന്നുണ്ട്. അന്നേ ഹിറ്റായ നല്ല പാട്ടുകളും, അതിൻ്റെ ചായാഗ്രഹണവും അമിത പ്രതീക്ഷ പ്രേക്ഷകനുണ്ടാക്കിയെങ്കിലും, താരതമ്യേന പിന്നണിയിൽ മുഴുവൻ പുതുമുഖങ്ങളുമായി വന്ന ചിത്രത്തിന് വലിയ രീതിയിലുള്ള റീച്ചുണ്ടാക്കുന്നതിൽ പ്രധാനമായൊരു ഘടകമായി അത് മാറിയിരുന്നു. അതെന്തു തന്നെയായാലും, അരുൺ മുരളീധരൻ്റെ സംഗീതവും, എസ്. സെൽവകുമാറിൻ്റെ ഛായാഗ്രഹണവും ഗംഭീരമെന്ന് എടുത്ത് പറയാതെ തരമില്ല.

ആൻ്റണി ഒരു ഇമോഷണൽ ഡ്രാമ ചിത്രമാണ്.
ജീവിതത്തിലെപ്പോഴെങ്കിലുമൊക്കെ ഈയൊരവസ്ഥയിൽ കൂടെ കടന്ന് പോയവർക്ക് ആൻ്റണിയ്ക്ക് ചുറ്റുമുള്ള ഏതെങ്കിലുമൊരു കഥാപാത്രവുമായി ഇമോഷണൽ ലോക്ക് ഉണ്ടാകാനുള്ള സാധ്യത കൂടുതലാണ്. മുന്നേ പറഞ്ഞത് പോലെ, പല രംഗങ്ങളും അത് ലക്ഷ്യമാക്കി എഴുതിയിട്ടുള്ളതുമാണ്. അങ്ങനെയുണ്ടായാൽ പിന്നെ പടം മുഴുവൻ മനസ്സിന് ഭാരമായി മാറും. ആൻ്റണി മനസ്സിനെ മുറിവേൽപ്പിച്ചെന്ന് പറയുന്നവർ അക്കൂട്ടരാണ്. അതല്ലാത്തവർക്ക് ആൻ്റണി വെറും രണ്ട് മണിക്കൂർ സിനിമാക്കാഴ്ച്ചയുമാകും.

ഗംഭീരമെന്നും, നിരാശയെന്നും രണ്ട് വിപരീത അഭിപ്രായങ്ങൾ ഒരേ സമയം അനുഗ്രഹീതൻ ആൻ്റണിയ്ക്കുണ്ടാകുന്നതിൻ്റെ കാരണം വേറെയൊന്നുമാകാൻ തരമില്ല !